മാതൃഭൂമി കമ്പനിയുടെ മാനേജിങ്ങ് ഡയറക്ടറായിരിക്കുമ്പോഴും അദ്ദേഹം തീവണ്ടിയിൽ മൂന്നാം ക്ലാസ്സിലേ (അന്ന് മൂന്നാം ക്ലാസ്സുണ്ടായിരുന്നു) സഞ്ചരിക്കൂ. സീററ് മുൻകൂട്ടി റിസർവ്വ് ചെയ്യാറില്ല. ലഗേജ് വെക്കാനുള്ള റാക്കിൽ കയറി കിടന്നുറങ്ങും. ഈ 'എളിമ'യെപ്പററി പറഞ്ഞ് ഞങ്ങൾ പലപ്പോഴും അദ്ദേഹത്തെ കലശൽക്കൂട്ടാറുണ്ട്. അദ്ദേഹത്തിൻെറ 'പ്രകൃതി ചികിത്സ'യായിരുന്നു, അദ്ദേഹത്തെ കളിയാക്കാൻ എന്നും വക നൽകിയിരുന്ന മററൊരു വിഷയം.

മാതൃഭൂമി ആഴ്ചപ്പതിപ്പിൻെറ അച്ചടി തിരുവനന്തപുരത്തേക്കു മാററുമ്പോൾ, 1980 ഒക്ടോബറിൽ ആണെന്നു തോന്നുന്നു, പ്രിൻററും പബ്ലിഷറുമായിരുന്ന നമ്പൂതിരിപ്പാടിൻെറ പേര് മാററി വി. പി. രാമചന്ദ്രൻെറ പേര് ചേർക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിനായി കോഴിക്കോട്ടെത്തിയ നമ്പൂതിരിപ്പാടിൻെറകൂടെ ഞാനും കോഴിക്കോട്ട കളക്ടറേററിലേക്കു പോയി. നമ്പൂതിരിപ്പാടിൻെറ കാഴ്ച അന്നേക്ക് മിക്കവാറും നഷ്ടപ്പെട്ടിരുന്നു. കേൾവി ഏറെക്കുറെയും. എന്നിട്ടും അദ്ദേഹം ഉത്സാഹഭരിതനായിരുന്നു. തിരുവനന്തപുരത്തേക്ക് വേണമെങ്കിൽ, താൻ തനിയെ പോകാമെന്ന് അദ്ദേഹം ഞങ്ങളോട്ട പറഞ്ഞു. ആയിടെ അദ്ദേഹം വായിച്ച ഒരു പുസ്തകത്തിൽ ശ്രീകൃഷ്ണപുത്രനായ പ്രദ്യുമ്നനെപ്പററി എന്തോ പരാമർശമുണ്ടായിരുന്നു. പ്രദ്യുമ്നനെ സംബന്ധിച്ച് പുരാണങ്ങളിലുള്ള വിവരങ്ങൾ മുഴുവൻ സംഗ്രഹിച്ച് തനിക്ക് എഴുതി അയയ്ക്കണമെന്ന് അദ്ദേഹം എന്നോട്ട പറഞ്ഞു. പ്രദ്യുമ്നനെപ്പററി എന്തോ എഴുതാൻ അദ്ദേഹം ഉദ്ദേശിച്ചിരുന്നു. താനിനിയും ഏതാനും കൊല്ലങ്ങൾകൂടി ജീവിച്ചിരിക്കുമെന്ന വിശ്വാസവും അന്ന് അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി.

നമ്പൂതിരിപ്പാട്, കേശവമേനോൻ, കേളപ്പൻ, ദാമോദരമേനോൻ, എം. കെ. രാജാ, വി. എം. നായർ, കുഞ്ഞപ്പനായർ, ടി. പി. സി. കിടാവ്, മാധവനാർ, പി. കെ. രാമൻ, എൻ. പി. ദാമോദരൻ, വി. എ. കേശവൻനായർ, കൃഷ്ണൻനായർ, രാമനുണ്ണി, മാരാർ, ഉദയഭാനു, ചൊവ്വര പരമേശ്വരൻ, കൃഷ്ണൻകുട്ടിനായർ ഇവരോട്ടം മററു പലരോടുമൊപ്പം 'മാതൃഭൂമി കുടുംബ'ത്തിൽ എനിക്കും ഒരു സ്ഥാനം ഉണ്ടാക്കിത്തന്നതു് നമ്പൂതിരിപ്പാടാണ്....അതെല്ലാം ഓർക്കുമ്പോൾ, എന്തിനോ, കൺപീലികൾ നനയുന്നു.

# 67. തകഴി ജ്ഞാനപീഠത്തിൽ...

ഇന്ത്യയിലെ, ഒരുപക്ഷേ, ഏഷ്യയിലെതന്നെ, സാഹിത്യസമ്മാനങ്ങളിൽ ഏററവും ബൃഹത്തായ ജ്ഞാനപീഠപുരസ്കാരം ശ്രീ തകഴി ശിവശങ്കരപ്പിള്ള നേടിയിരിക്കുന്നു. തകഴിയുടെയും, അദ്ദേഹത്തിലൂടെ മലയാള സാഹിത്യത്തിൻെറയും പ്രശസ്തി ഇന്ത്യയിൽ ഒട്ടുക്ക് ഉയരുന്നതിന് ഈ സംഭവം നിമിത്തമായിട്ടുണ്ട്.

ആദ്യത്തെ ജ്ഞാനപീഠപുരസ്കാരം, മഹാകവി ശങ്കരക്കുറുപ്പിന്,

അദ്ദേഹത്തിന്റെ 'ഓടക്കുഴൽ' എന്ന കവിതാസമാഹാരത്തെ മുൻനിർത്തി, നൽകപ്പെട്ടതു് 1965–ലായിരുന്നു. പിന്നീടു് പതിനാറു വർഷം കഴിഞ്ഞാണു് മറെറാരു മലയാളസാഹിത്യകാരനു് ഈ ബഹുമതി ലഭിച്ചതു്. 'ഒരു ദേശത്തിന്റെ കഥ' എന്ന നോവലിനെ അടിസ്ഥാനമാക്കി എസ്. കെ. പൊറെറക്കാട്ടിനെ 1981–ൽ ജ്ഞാനപീഠസംഘടന ആദരിച്ചു. ജ്ഞാനപീഠസമ്മാനം നേടുന്ന മൂന്നാമത്തെ മലയാള സാഹിത്യകാരനാണു് തകഴി. ഈയാണ്ടിൽ ജ്ഞാനപീഠം നൽകുന്നതു് അവരുടെ ഇരുപതാമത്തെ പുരസ്കാരമാകുന്നു. ഈ പുരസ്കാരത്തോടനുബന്ധിച്ചു് ഒന്നരലക്ഷം രൂപയും ഒരു പ്രശസ്തിപത്രവും ഓടിൽ വാർത്തെടുത്ത ഒരു വാഗ്ദേവീ പ്രതിമയും തകഴിക്കു ലഭിക്കും. സുപ്രസിദ്ധ സാഹിത്യകാരനും സാഹിത്യപുരസ്കർത്താവുമായിരുന്ന ഭോജരാജാവു് അദ്ദേഹത്തിന്റെ തലസ്ഥാനമായിരുന്ന ധാരാ നഗരിയിൽ പ്രതിഷ്ഠിച്ചു് ആരാധിച്ചിരുന്ന വാഗ്ദേവിയുടെ ശിലാവിഗ്രഹം ഇപ്പോൾ ലണ്ടനിലെ ബ്രിട്ടീഷ് മ്യൂസിയത്തിലുണ്ടു്. ഈ വിഗ്രഹത്തിന്റെ ഒരു ചെറുപകർപ്പാണു് ജ്ഞാനപീഠപുരസ്കാരത്തിന്റെ പ്രതീകമായ വാഗ്ദേവീവിഗ്രഹം.

പല രംഗങ്ങളിൽ വ്യാപിച്ചുകിടക്കുന്ന വലിയ ഒരു വ്യവസായശൃംഖലയുടെ ഉടമയായിരുന്ന പരേതനായ സാഹുശാന്തിപ്രസാദ് ജൈൻ മുഖ്യമായും പ്രാകൃതഭാഷയിലുള്ള ജൈനമതഗ്രന്ഥങ്ങളുടെ പ്രകാശനം ലക്ഷ്യമാക്കി 1944–ൽ കല്ക്കത്തയിൽ സ്ഥാപിച്ചതാണു് 'ഭാരതീയ ജ്ഞാനപീഠം.' 'ടൈംസ് ഓഫ് ഇന്ത്യ'യും അതുമായി ബന്ധപ്പെട്ട മററു പ്രസിദ്ധീകരണങ്ങളും ഈ വ്യവസായശൃംഖലയുടെ കീഴിൽ വന്നതോടെ, ജ്ഞാനപീഠം സംഘടനയ്ക്കു് ആധുനിക ഭാരതീയസാഹിത്യത്തിലും താത്പര്യം ഉളവായി. ശാന്തിപ്രസാദ് ജൈനന്റെ പത്നിയായിരുന്ന, പരേതയായ, ശ്രീമതി രമാ ജൈൻ ആയിരുന്നു അന്നു് ജ്ഞാനപീഠസംഘടനയുടെ അദ്ധ്യക്ഷ. ഇന്നു് ജ്ഞാനപീഠത്തിന്റെ ഉപദേഷ്ടാവായ ശ്രീ ലക്ഷ്മീചന്ദ്ര ജൈൻ അന്നു് ഈ സംഘടനയുടെ കാര്യദർശി ആയിരുന്നു. ഇന്ത്യയുടെ സമകാലസംസ്കാരത്തെ ആവിഷ്കരിക്കുകയും രൂപപ്പെടുത്തുകയുംചെയ്യുന്നതു് ഇവിടെ സംസാരിക്കപ്പെട്ടുവരുന്നവയിൽ പ്രധാനപ്പെട്ട പതിന്നാലോ പതിനഞ്ചോ പ്രാദേശികഭാഷകളിൽ രചിക്കപ്പെടുന്ന സാഹിത്യമാണല്ലോ. ഈ പ്രാദേശികഭാഷകൾ ഓരോന്നിലും അതതു കാലത്തു് പ്രസിദ്ധീകരിക്കപ്പെടുന്ന, താരതമ്യേന നല്ല, കൃതികൾ തിരഞ്ഞെടുക്കുകയും, അവയെ പരസ്പരം ബന്ധപ്പെടുത്തി പഠിക്കുകയും, ഇക്കൂട്ടത്തിൽ ഏററവും മികച്ചതെന്നു പ്രശസ്തനിരൂപകർ വിധിക്കുന്ന കൃതിക്കും അതിന്റെ കർത്താവിനും അഖിലേന്ത്യാ പ്രശസ്തി ലഭ്യമാകുമാറു് കനത്ത ഒരു തുക സമ്മാനമായി നൽകുകയും, സമ്മാനാർഹമായ കൃതി ഹിന്ദിയിൽ വിവർത്തനംചെയ്തു പ്രസിദ്ധീകരിക്കുകയും, അങ്ങനെ ഉദ്ഗ്രഥിതമായ ഒരു ഭാരതീയസാഹിത്യത്തിന്റെ രൂപവത്കരണത്തിൽ സഹായിക്കുകയുമെന്ന വിശാലവും ഉദാത്തവുമായ ലക്ഷ്യം മുന്നിൽവെച്ചുകൊണ്ടു് ശ്രീമതി രമാ ജൈൻ ആണു്, ഇന്നു കാണുന്ന വിധത്തിൽ, ജ്ഞാനപീഠപുരസ്കാരപരിപാടി ആവിഷ്കരിച്ചതു്. സംഘടനാകുശലനായ കാര്യദർശി ശ്രീ ലക്ഷ്മീചന്ദ്ര ജൈൻ ഈ പരിപാടി നടപ്പിൽ വരുത്തുന്നതിൽ അവരെ സഹായിച്ചു. ഇന്ത്യയിലെ സാഹിത്യ–സാംസ്കാരികരംഗങ്ങളിൽ സ്വാധീനശക്തിയുള്ള അംഗങ്ങളടങ്ങിയ ഒരു കേന്ദ്രസമിതി—പ്രവരപരിഷത്തു്—ഇതിനായി രൂപവത്കരിക്കപ്പെട്ടു. അന്നു് രാഷ്ട്രപതിയായിരുന്ന ഡോക്ടർ രാജേന്ദ്രപ്രസാദ് ആയിരുന്നു ഈ പ്രവരപരിഷത്തിന്റെ ആദ്യത്തെ അദ്ധ്യക്ഷൻ. ഇപ്പോൾ അതിന്റെ അദ്ധ്യക്ഷൻ ദേശരക്ഷാമന്ത്രിയായ ശ്രീ പി. വി. നര

സിംഹറാവുവാണ്. രാഷ്ട്രീയരംഗത്തിലെന്നപോലെ തെലുഗുസാഹിത്യത്തിലും സ്വന്തമായ ഒരു സ്ഥാനമുള്ള ആളാണ് നരസിംഹറാവു. കേന്ദ്രസമിതിയെ സഹായിക്കുന്നതിനായി, ഇന്ത്യൻ ഭരണഘടനയിൽ പേരെടുത്തു പറഞ്ഞിട്ടുള്ള പതിനഞ്ചു ഭാഷകളിലും പ്രശസ്ത പണ്ഡിതർ ഉൾക്കൊള്ളുന്ന ഉപദേശകസമിതികളും രൂപവത്കരിക്കപ്പെട്ടു. തുടക്കം മുതൽ മലയാളത്തിലെ ഉപദേശകസമിതിയുടെ കൺവീനർ ആയി വളരെ വർഷങ്ങളോളം പ്രവർത്തിക്കുവാൻ എനിക്ക് അവസരമുണ്ടായിട്ടുണ്ട്. ഇപ്പോൾ മലയാളം ഉപദേശകസമിതിയുടെ കൺവീനർ ഡോ. കെ. എം. ജോർജ് ആകുന്നു. ഈ ഉപദേശകസമിതി, 'കയർ' എന്ന നോവലിനെ അടിസ്ഥാനമാക്കി ഈയാണ്ടിലെ ജ്ഞാനപീഠപുരസ്കാരം തകഴിക്കു നൽകണമെന്നു ശുപാർശചെയ്തിരുന്നു. എന്നാൽ, ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളായി ചെയ്തുവരുന്നതുപോലെ, ഏതെങ്കിലും ഒരു കൃതിയെ മാത്രം അടിസ്ഥാനപ്പെടുത്തിയല്ലാതെ, സാഹിത്യസംഭാവനാസാകല്യത്തെ അടിസ്ഥാനമാക്കിയാണ് തകഴിക്ക് 1984—ലെ ജ്ഞാനപീഠപുരസ്കാരം ഇപ്പോൾ നൽകപ്പെട്ടിരിക്കുന്നത്.

ഇന്ത്യയിലെ ഒരെഴുത്തുകാരനെ സംബന്ധിച്ചിടത്തോളം, അത്യന്തം അഭികാമ്യമായ ഒന്നുതന്നെയാണ് ജ്ഞാനപീഠപുരസ്കാരം. അതു നേടുന്ന എഴുത്തുകാരന്റെ കൃതികൾ സമകാല ഭാരതീയസാഹിത്യത്തിന്റെ മികച്ച ഉപലബ്ധികളായി ഇന്ത്യയിലെ ഇതരഭാഷാ പ്രദേശങ്ങളിൽ മാത്രമല്ല, ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും കണക്കാക്കപ്പെടുമെന്നതത്രേ അതിന്റെ അഭികാമ്യതയ്ക്കു കാരണം. ഇക്കഴിഞ്ഞ ഇരുപതു വർഷങ്ങളിലെ പ്രവർത്തനത്തിന്റെ ഫലമായി, വ്യക്തിപരിഗണനകളോ സ്വാധീനങ്ങളോ അല്ല, വസ്തുനിഷ്ഠമായ മൂല്യനിർണയനമാണ് ജ്ഞാനപീഠപുരസ്കാരം നൽകപ്പെടുന്നതിന്റെ പിന്നിൽ എന്ന വിശ്വാസം ഇന്ത്യയിൽ വേരൂന്നിക്കഴിഞ്ഞിട്ടുണ്ട്. ഇതൊരു വലിയ കാര്യംതന്നെയാണ്. ജ്ഞാനപീഠപുരസ്കാരം നേടുന്നതോടെ ഒരെഴുത്തുകാരൻ സ്വന്തം പ്രാദേശികഭാഷയുടെ അതിരുകൾ വിട്ടു പുറത്തുകടക്കുകയും 'ഇന്ത്യയുടെ സാഹിത്യകാരൻ' ആയി അറിയപ്പെടുകയുംചെയ്യുന്നു. തകഴിയുടെ പല കൃതികളും ഇതിനകം ഇന്ത്യയിലെ പല ഭാഷകളിലും, ഇന്ത്യയ്ക്കു പുറമേ യൂറോപ്പിലെ പല ഭാഷകളിലും, ചീനഭാഷയിലും, ഒക്കെ വിവർത്തിതങ്ങളായിട്ടുണ്ട് എന്നതു ശരിതന്നെ. ഇതുനിമിത്തം, ഇന്ത്യയിലെങ്ങും അറിയപ്പെടുന്ന സാഹിത്യകാരന്മാരിൽ ഒരാൾ മാത്രമല്ല, ഇന്ത്യയ്ക്കുപുറമേ അറിയപ്പെടുന്ന ഭാരതീയസാഹിത്യകാരന്മാരിൽ പ്രധാനപ്പെട്ട ഒരാൾകൂടിയാണ് ഇന്നു തകഴി. എന്നാൽ, തകഴിസാഹിത്യം സമകാല ഭാരതീയസാഹിത്യത്തിന്റെ ഒരു പ്രധാനഭാഗമാണെന്ന് ഏറെക്കുറെ ഔദ്യോഗികമായി അംഗീകരിക്കപ്പെടുവാൻ ജ്ഞാനപീഠപുരസ്കാരം നിമിത്തമാകാതിരിക്കുകയില്ല.

അരനൂററാണ്ടിലേറെ കാലം നീണ്ടുനിന്ന നിസ്തന്ദ്രമായ സാഹിത്യസപര്യയിലൂടെ വിപുലമായ ഒരു ഗ്രന്ഥസമുച്ചയം മലയാളഭാഷയ്ക്കു തകഴി നൽകിയിട്ടുണ്ട്. ആത്മകഥയും ഉപന്യാസങ്ങളും മററും തകഴി രചിച്ചിട്ടുണ്ടെങ്കിലും, ചെറുകഥകളും നോവലുകളുമാണ് അദ്ദേഹത്തിന്റെ പ്രധാനസംഭാവന. തകഴിയുടെ ചെറുകഥകളിലും നോവലുകളിലും മലയാളികൾ കാണുന്നതു് തങ്ങളുടെ അയൽപക്കങ്ങളിൽ പാർക്കുന്ന ചെറിയ മനുഷ്യരുടെ വലിയ ദുഃഖങ്ങളാണ്. എന്നാൽ, വിവർത്തനങ്ങളിലൂടെ തകഴിസാഹിത്യത്തെ സമീപിക്കുന്ന ഇന്ത്യയിലെ ഒരു അന്യസംസ്ഥാനക്കാരനോ വിദേശിയോ അതിനെ എങ്ങനെയായിരിക്കും വിലയിരുത്തുക?

ഇന്ത്യയിലെ ഒരു അന്യസംസ്ഥാനക്കാരനും വിദേശികളും പെട്ടെന്ന് മനസ്സിലാക്കാൻ കഴിയാത്തവിധം സങ്കീർണ്ണമാണ് തകഴി ചിത്രീകരിക്കുന്ന കേരളീയ ജീവിതമെന്നതാണ് ആദ്യം ശ്രദ്ധിക്കേണ്ട വസ്തുത. സംസ്കാരത്തിന്റെയും ആചാരനിഷ്ഠമായ പദവി നിശ്രേണിയുടെയും പല പടവുകളിൽനില്ക്കുന്ന കേരളത്തിലെ എണ്ണമററ മത–ജാതി വിഭാഗങ്ങളുടെ സങ്കീർണ്ണങ്ങളായ പരസ്പരബന്ധങ്ങൾ ഒട്ടെങ്കിലും ഉൾക്കൊള്ളാതെ തകഴിയുടെ പല കൃതികളും ശരിക്കു മനസ്സിലാവില്ല. ഇവ ഉൾക്കൊള്ളാനാകട്ടെ, കേരളീയനല്ലാത്ത ഒരു വായനക്കാരൻ നന്നേ വിഷമിക്കേണ്ടിയും വരും. ആയിരം ഇഴകൾ ചേർത്തു പിരിച്ചു ഒരു കയറാണ് കേരളീയ ജീവിതമെങ്കിൽ, തകഴിയുടെ സാഹിത്യമാകുന്ന കയറിലുമുണ്ട് ഏതാണ്ട് അത്രയൊക്കെ ഇഴകൾ. മാത്രമല്ല, സമകാലികരായിരുന്ന മററു പല എഴുത്തുകാരിൽനിന്നും വ്യത്യസ്തമായി, മലയാളത്തിൽ പ്രാദേശികത (ആഞ്ചലികത, റീജിയണലിസം)യുടെ പ്രമുഖ പ്രയോക്താവുകൂടിയാണ് തകഴി. ത്വരിതമായ പരിവർത്തനത്തിനു വിധേയമായിക്കൊണ്ടിരുന്ന ഫ്യൂഡലിസത്തെയാണ് തന്റെ പല കൃതികളിലും അദ്ദേഹം വിശദാംശങ്ങളോടെ ചിത്രീകരിച്ചിട്ടുള്ളത്. തകഴിയുടെ കൃതികളിൽ ഏററവും മികച്ചതെന്ന് ഭാഷയിലെ നിരൂപകർ വിധിയെഴുതാൻ സാധ്യതയുള്ള 'രണ്ടിടങ്ങഴി' ഒററവായനയിൽ ശരിക്ക് ഉൾക്കൊള്ളാൻ സാധാരണ മലയാളികൾ കഴങ്ങും. (കുട്ടനാട്ടുകാരുടെ സ്ഥിതി എന്തോ!)

എ. ബാലകൃഷ്ണപിള്ളയിലൂടെ മോപ്പസാങ് ആണ് തകഴിയുടെ സാഹിത്യവ്യക്തിത്വത്തെ രൂപവല്ക്കരിക്കുന്നതിൽ ഏററവും അധികം സ്വാധീനംചെലുത്തിയതെന്ന് ഞാൻ കരുതുന്നു. ഇതിന് അർത്ഥം തകഴി മോപ്പസാങ്ങിനെ അനുകരിച്ചിരുന്നു എന്നല്ല; സാധാരണ കഥാപാത്രങ്ങളുടെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്തു് ലൈംഗിക ചോദനകളെ കാണുവാൻ മോപ്പസാങ് തകഴിയെ പ്രേരിപ്പിച്ചുവെന്നു മാത്രമാണ്. മോപ്പസാങ്ങിന്റെ സ്വാധീനത്തിൽനിന്ന് വളരെവേഗം തകഴി സ്വതന്ത്രനാവുകയുംചെയ്തു. എങ്കിലും, പിന്നീടു പിന്നീട്, തന്റെ കഥാപാത്രങ്ങളുടെ ലൈംഗികചോദനകളെ അവരുടെ വ്യക്തിത്വത്തിന്റെ മററു മാനങ്ങളെ ഉജ്ജ്വലിപ്പിച്ചുകാണിക്കുന്നതിനുള്ള വെളിച്ചമായി ഉപയോഗപ്പെടുത്തുവാൻ തകഴിക്ക് മാർഗദർശനം നൽകിയതു് മോപ്പസാങ് ആയിരിക്കണം.

തകഴിയുടെ കൃതികളിൽ ഏററവുമധികം ജനപ്രീതിയാർജിച്ചതും, ഏററവുമധികം ഭാഷകളിൽ വിവർത്തനംചെയ്യപ്പെട്ടതും 'ചെമ്മീൻ' ആകുന്നു. അതിലെ പ്രേമദുരന്തത്തിനു് ഒരു സാർവ്വലൗകികേതിഹാസകഥയുടേതായ സാരള്യമുണ്ടെന്നതാവാം ഈ കൃതിയുടെ പ്രചാരത്തിനു കാരണം. ഭൗതികാധികാരത്തിന്റെ ഇടനാഴികളിലൂടെ മുന്നേറുന്ന 'ഏണിപ്പടികൾ'ളിലെ പ്രമേയത്തിനും താരതമ്യേന സുഗ്രാഹ്യതയുണ്ടാവാം. എന്നാൽ, തന്റെ മുഖ്യവിഷയമെന്ന് തകഴി കരുതുന്ന കുട്ടനാടൻ കർഷകജീവിതത്തിന്റെ ആഴത്തിലേക്കു മുങ്ങുമ്പോൾ, മലയാളികളല്ലാത്ത വായനക്കാരെ സംബന്ധിച്ചിടത്തോളമെങ്കിലും, തകഴിസ്സാഹിത്യം കുറെയേറെ ദുർഗ്രഹമായിത്തീരുന്നുണ്ടായിരിക്കണം. ദേവ്, ബഷീർ, പൊറ്റെക്കാട്ട്, ഉറൂബ് എന്നീ സമകാലികരുടെ കൃതികളുമായി തകഴിയുടെ കൃതികളെ താരതമ്യപ്പെടുത്തിപ്പഠിക്കുന്നതു പ്രയോജനകരമായിരിക്കും. പ്രകടമായ അനായാസതയിലും ഉപരിപ്ലവതയിലും, ഇരുണ്ട ആഴങ്ങളെ തകഴിയുടെ പല കൃതികളും, കൃതികളിൽ പല ഭാഗങ്ങളും, നിഗൂഹനം ചെയ്യുന്നതായാണ് എന്റെ അനുഭവം.

പത്മഭൂഷണബഹുമതിയിലൂടെ ഭാരതസർക്കാർ ഏതാനും മാസം മുമ്പ് തകഴിയുടെ കാവ്യസാധനയെ അംഗീകരിക്കുകയുണ്ടായി. അദ്ദേഹ

ത്തിൻെറ കാവ്യസാധനയ്ക്കു് ഇന്ത്യയിലെ സാഹിത്യപ്രണയികൾ നൽകുന്ന അംഗീകാരമാണു് ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ട ജ്ഞാനപീഠ പുരസ്കാരം. തകഴിക്കു ലഭിച്ച അംഗീകാരം മലയാളസാഹിത്യത്തിനു കൈവന്ന അംഗീകാരംകൂടിയാണു്. ഈ അംഗീകാരലബ്ധിയിൽ ആഹ്ലാദിക്കാത്ത കേരളീയർ ഉണ്ടാവില്ല.

30 ജൂലൈ, 1985.

# 68. യെവ്‌തുഷെങ്കോ

കവിതയ്ക്കു് ജനപ്രിയതവും കവിതാപുസ്തകങ്ങൾക്കു വില്പനയും സാർവ്വത്രികമായി കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ റഷ്യൻ കവിയായ യെവ്ഗനി യെവ്‌തുഷെങ്കോവിനോടു് അസൂയ കലർന്ന ആദരം തോന്നാത്ത കവികൾ ഒരു രാജ്യത്തുമുണ്ടാവില്ല. റഷ്യയിൽ മാത്രമല്ല, ലോകത്തിൽ എവിടെയും യെവ്‌തുഷെങ്കോവിൻെറ കവിതചൊല്ലൽ കേൾക്കാൻ ജനങ്ങൾ തടിച്ചുകൂടുന്നു. ഈ കവിയുടെ ഒരു കവിതാസമാഹാരത്തിൻെറ ഒരു പതിപ്പിൽ ഒരുലക്ഷം പ്രതികൾ ഉണ്ടായിരുന്നുവത്രേ. രണ്ടു ദിവസംകൊണ്ടു് ഒരു ലക്ഷം പ്രതികളും വിററുതീർന്നു!

യെവ്‌തുഷെങ്കോവിൻെറ ജനപ്രീതിയുടെ രഹസ്യം എന്താണു്? ക്യൂബക്കാരനായ അലെജാൻഡ്രോറിയോസ് ഈ ചോദ്യം ഈയിടെ കവിയോടു് നേരിട്ടു ചോദിക്കുകയുണ്ടായി. ഇതിനു് കവി നൽകിയ ഉത്തരം, കേരളത്തിലെ കവിതാപ്രേമികൾക്കു് രസകരമാകാതിരിക്കുകയില്ല.

കവിതക്കമ്പം റഷ്യക്കാരുടെ ദേശീയസ്വഭാവമാണെന്നൊന്നും പറയാനാവില്ല. വരിയൊന്നിനു് പത്തു സ്വർണ്ണറൂബിൾ പ്രതിഫലമായി ലഭിച്ചിരുന്ന മഹാകവി പുഷ്കിൻെറ കൃതികൾ ഒരു പതിപ്പിൽ മൂവായിരം പ്രതികൾ വീതമേ അടിക്കാറുണ്ടായിരുന്നുള്ളു. പക്ഷേ, അന്നു് പുസ്തകങ്ങൾക്കു വില വളരെ കൂടുതലായിരുന്നു; റഷ്യക്കാർക്കിടയിൽ സാക്ഷരതാശതമാനം വളരെ കുറവുമായിരുന്നു.

പത്തൊമ്പതാം ശതകത്തിൻെറ ഉത്തരാർധത്തിൽ കർഷകരേയും പുതിയ മുതലാളിമാരേയും കുറിച്ചുള്ള കവിതകൾ എഴുതപ്പെട്ടുതുടങ്ങിയതോടെ റഷ്യയിൽ കവിത ആസ്വദിക്കുന്നവരുടെ എണ്ണത്തിൽ പെട്ടെന്നു വദ്ധനയുണ്ടായി. കൃഷിക്കാരെപ്പററി കവിതയെഴുതാൻ തുടങ്ങിയവരിലൊരാൾ നെക്രസോവ് ആയിരുന്നു.

1917—ലെ റഷ്യൻ വിപ്ലവത്തിനു തൊട്ടുമുമ്പാണു് മയകോവ്സ്കിയും കൂട്ടരും റഷ്യൻ കവിതാരംഗത്തിൽ ഒരു വിപ്ലവം വരുത്തിയതു്. ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനത്തിൻെറ പ്രചാരകരായിരുന്ന ഇവർ കവിതയെ വരേണ്യവർഗത്തിൽനിന്നു വേർപെടുത്തി സാധാരണക്കാർക്കിടയിലേക്കു് ഇറക്കിക്കൊണ്ടുവന്നു. മയകോവ്സ്കി തെരുവുമൂലകളിൽനിന്നു് കവിത വായിച്ചു; ആളുകളെ ആകർഷിക്കാൻ കവിളിൽ ചുവന്ന ചായം പുരട്ടുക, കോട്ടിൽ ബട്ടണായി സ്പൂൺ ഉപയോഗിക്കുക മുതലായ കോമാളിത്തരങ്ങൾ കാണിച്ചു.

വിപ്ലവകാലത്തു് എൺപതു ശതമാനത്തോളം റഷ്യക്കാർക്കു് അക്ഷരജ്ഞാനമുണ്ടായിരുന്നില്ല. നിരക്ഷരരായ തൊഴിലാളികളെ മയകോവ്സ്കി കവിതചൊല്ലി കേൾപ്പിച്ചു. തുടർന്നു് റഷ്യയിൽ വൻതോതിൽ സാക്ഷരതാ പരിപാടി നടപ്പിൽവരുത്തിക്കൊണ്ടിരിക്കേ, തൻെറ കവിത